2025 MAY
17
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കൊച്ചിൻ ഷിപ്പ്‌യാർഡ് ഓഹരിവില വീണ്ടും 2,000 രൂപയ്ക്ക് മുകളിൽ

**കൊച്ചി:** കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ വിപണിമൂല്യം ഇന്നു വീണ്ടും 54,000 കോടി രൂപ തൊട്ടു. ഓഹരിവില 2,053 രൂപയായയപ്പോൾ മൂല്യം 54,031 കോടി രൂപയായി. 84,419 കോടി രൂപ വിപണിമൂല്യമുള്ള മുത്തൂറ്റ് ഫിനാൻസ് ആണ് കേരളത്തിൽ നിന്നുള്ള ഏറ്റവും വലിയ ലിസ്റ്റഡ് കമ്പനി. രണ്ടാമത് 57,997 കോടി രൂപയുമായി കല്യാൺ ജ്വല്ലേഴ്സ് . 56,812 കോടി രൂപയുമായി കൊച്ചി ആസ്ഥാനമായ മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ട് ആണ് മൂന്നാം സ്ഥാനത്ത്. നാലാമത് കൊച്ചിൻ ഷിപ്പ്‌യാർഡ്. നാലാമതായിരുന്ന ഫെഡറൽ ബാങ്കിനെ 5ാം സ്ഥാനത്തേക്ക് കൊച്ചി കപ്പൽശാല പിന്തള്ളി. കെഴിഞ്ഞ 6 വ്യാപാര സെഷനുകളിലായി മാത്രം 40 ശതമാനത്തോളം മുന്നേറിയ, കേരളം ആസ്ഥാനമായ ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ ഓഹരികൾ ഇന്ന് വ്യാപാരം ചെയ്യുന്നത് 14 ശതമാനത്തോളം ഉയർന്ന് 2,063.70 രൂപയിൽ.



കഴിഞ്ഞവർഷം ജൂലൈ എട്ടിന് 2,979.45 രൂപ എന്ന റെക്കോർഡിലെത്തിയിരുന്നെങ്കിലും പിന്നീട് ഓഹരിവില കുത്തനെ ഇടിയുന്നതായിരുന്നു കണ്ടത്. ലാഭമെടുപ്പ് സമ്മർദമായിരുന്നു പ്രധാന തിരിച്ചടി. ഇക്കഴിഞ്ഞ ഫെബ്രുവരി 18ന് വില 52ആഴ്ചത്തെ താഴ്ചയായ 1,180.20 രൂപയായിരുന്നു. പക്ഷേ, കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ ആകെ മാറി. പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയെന്നോണം ഇന്ത്യ പാക്കിസ്ഥാനെതിരെ പ്രത്യാക്രമണം നടത്തിയതിന് പിന്നാലെ പ്രതിരോധ ഓഹരികളിലുണ്ടായ കുതിപ്പിന്റെ ആവേശം കൊച്ചിൻ ഷിപ്പ്‌യാർഡ് ഓഹരികൾക്കും നേട്ടമായി.

കഴിഞ്ഞപാദത്തിൽ മികച്ച പ്രവർത്തനഫലം കൂടി പുറത്തുവിട്ടതോടെ ഓഹരികൾ കുതിച്ചു. അതിർത്തിയിൽ പാക്കിസ്ഥാനു പുറമെ ചൈനയിൽ നിന്നും വെല്ലുവിളി ഉയരുന്ന പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ പ്രതിരോധശക്തി വർധിപ്പിക്കാനുള്ള നീക്കത്തിലാണ്. നിലവിൽ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ 6.81 ലക്ഷം കോടി രൂപയാണ് കേന്ദ്രം പ്രതിരോധ മേഖലയ്ക്കായി നീക്കിവച്ചിരിക്കുന്നത്.

ഓപ്പറേഷൻ സിന്ദൂരിന്റെ പശ്ചാത്തലത്തിൽ ഇതിൽ 50,000 കോടി രൂപയുടെ കൂടി വർധന വരുത്താനാണ് കേന്ദ്രത്തിന്റെ ആലോചനയെന്ന് റിപ്പോർട്ടുകളുണ്ട്. ഇതിന്റെ നേട്ടം കപ്പൽ നിർമാണക്കമ്പനികൾക്കു കൂടി ലഭിക്കുമെന്ന വിലയിരുത്തലുമാണ് കൊച്ചിൻ ഷിപ്പ്‌യാർഡ് ഓഹരികൾക്ക് കുതിപ്പേകുന്നത്. ഈ രംഗത്തെ മറ്റ് കമ്പനികളായ മാസഗോൺ ഡോക്ക് ഷിപ്പ്ബിൽഡേഴ്സിന്റെഓഹരി 12 ശതമാനത്തിലധികവും ഗാർഡൻ റീച്ച് ഷിപ്പ്ബിൽഡേഴ്സിന്റെ ഓഹരി 12 ശതമാനത്തോളവും ഉയർന്നാണ് ഇന്ന് വ്യാപാരം ചെയ്യുന്നത്.



# ദോഹ ഡയമണ്ട് ലീഗിൽ നീരജ് ചോപ്രയ്ക്ക് ചരിത്ര നേട്ടം

**ദോഹ:** ഒടുവിൽ നീരജിന്റെ ജാവലിൻ ആ മാന്ത്രികദൂരം തൊട്ടു. കരിയറിൽ ആദ്യമായി 90 മീറ്റർ ദൂരം പിന്നിട്ട നീരജിന് സീസണിലെ ആദ്യ മേജർ മത്സരത്തിൽ തന്നെ മിന്നും തുടക്കം. തന്റെ മൂന്നാം ത്രോയിൽ 90.23 മീറ്റർ കുറിച്ചാണ് നീരജ് 90 മീറ്റർ എന്ന കടമ്പ പിന്നിട്ടത്. മത്സരത്തിന്റെ അഞ്ചാം റൗണ്ട് വരെ നീരജായിരുന്നു മുന്നിൽ. എന്നാൽ ജർമൻ താരം ജൂലിയൻ വെബ്ബർ അവസാന റൗണ്ടിൽ നീരജിനെ മറികടന്നു (91.06 മീറ്റർ). ഗ്രനഡയുടെ ആൻഡേഴ്സൻ പീറ്റേഴ്സിനാണ് മൂന്നാം സ്ഥാനം (85.64 മീറ്റർ).

ഖത്തർ സ്പോർട്സ് ക്ലബ് സ്റ്റേഡിയത്തിൽ മത്സരം കാണാനെത്തിയ ഇന്ത്യൻ ആരാധകരെ ആവേശത്തിലാഴ്ത്തിയ പ്രകടനമായിരുന്നു ഇരുപത്തിയേഴുകാരൻ നീരജിന്റേത്. ആദ്യ ശ്രമത്തിൽത്തന്നെ 88.48 മീറ്റർ ദൂരം കുറിച്ച നീരജ് ഫോം പ്രകടമാക്കി. മറ്റാർക്കും ആദ്യ 2 ശ്രമങ്ങളിൽ 86 മീറ്റർ പിന്നിടാനായില്ല. രണ്ടാം ശ്രമം ഫൗളായെങ്കിലും മൂന്നാം ശ്രമത്തിൽ നീരജിന്റെ ജാവലിൻ 90 മീറ്റർ കടന്നു കുതിച്ചു.

89.06 മീറ്റർ പിന്നിട്ട് വെബ്ബറും കടുത്ത മത്സരത്തിന്റെ സൂചന നൽകി. നാലാം ശ്രമത്തിൽ നീരജ് 80.56ൽ ഒതുങ്ങിയപ്പോൾ വെബ്ബർ 88.05 മീറ്റർ എറിഞ്ഞു. നീരജിന്റെ അടുത്ത ശ്രമം ഫൗളായതിനു പിന്നാലെ വെബ്ബർ വീണ്ടും ദൂരം മെച്ചപ്പെടുത്തി 89.94 മീറ്റർ. അടുത്ത ത്രോയിൽ നീരജിനെ മറികടക്കുകയും ചെയ്തു (91.06 മീറ്റർ). നീരജിന് അവസാന ത്രോയിൽ 88.20 മീറ്ററാണ് പിന്നിടാനായത്. മത്സരരംഗത്തുണ്ടായിരുന്ന മറ്റൊരു ഇന്ത്യൻ താരം കിഷോർ ജന എട്ടാം സ്ഥാനത്തായി (78.60 മീറ്റർ).

ജാവലിൻ ത്രോയിൽ സ്വന്തം ദേശീയ റെക്കോർഡ് തിരുത്തിയ നീരജ് 90 മീറ്റർ ദൂരം പിന്നിടുന്ന മൂന്നാമത്തെ ഏഷ്യൻ താരമായി. പാക്കിസ്ഥാന്റെ അർഷാദ് നദീം (92.97 മീറ്റർ), ചൈനീസ് തായ്പേയിയുടെ ഷാവോ സുൻ ചെങ് (91.36) എന്നിവരാണ് ഈ നേട്ടം മുൻപു കൈവരിച്ചവർ. ലോകത്ത് ഈ നേട്ടം കൈവരിക്കുന്ന 25-ാമത്തെ താരവുമാണ് നീരജ്.

# യുഎസ് ഉത്പന്നങ്ങൾക്ക് ഇന്ത്യ തീരുവ കുറയ്ക്കുമെന്ന് ട്രംപ്





**വാഷിങ്ടൺ:** യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന എല്ലാ ഉത്പന്നങ്ങൾക്കും തീരുവ കുറയ്ക്കുമെന്ന് ഇന്ത്യ ഉറപ്പു നൽകിയതായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അവകാശപ്പെട്ടു. ഖത്തർ സന്ദർശനത്തിനിടെ നടത്തിയ വാർത്താ സമ്മേളനത്തിലാണ് ട്രംപിൻറെ പരാമർശം. ഒരു തീരുവയും ചുമത്താത്ത രീതിയിലുള്ള കരാറിനുള്ള സന്നദ്ധത ഇന്ത്യ അറിയിച്ചു എന്നാണ് ട്രംപ് അവകാശപ്പെടുന്നത്.

എന്നാൽ, ഇന്ത്യയുമായി ധാരണയായെന്നു പറയുന്ന കരാറിലെ കൂടുതൽ വിവരങ്ങൾ ട്രംപ് പുറത്തു വിട്ടില്ല. ആപ്പിൾ ഇന്ത്യയിലെ ഉത്പാദനം വ്യാപിപ്പിക്കുന്നതിലെ അതൃപ്തി സിഇഒ ടിം കുക്കിനെ നേരിട്ട് അറിയിച്ചു എന്നും ട്രംപ് പറഞ്ഞു. ആപ്പിൾ യുഎസിലെ ഉത്പാദനം വർധിപ്പിക്കുകയാണെന്നും ട്രംപ് കൂട്ടിച്ചേർത്തു.

എന്നാൽ, യുഎസിനെതിരെ പകരച്ചുങ്കം ചുമത്തുമെന്നാണ് ഇന്ത്യ അറിയിച്ചിട്ടുള്ളത്. ഇന്ത്യൻ ഉരുക്ക്, അലുമിനിയം ഉത്പന്നങ്ങൾക്ക് തീരുവ ചുമത്തിയ യുഎസിനെതിരേ ബദൽ ചുങ്കവുമായാണ് ഇന്ത്യ രംഗത്തെത്തിയത്. യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ചില ഉത്പന്നങ്ങൾക്ക് അധിക നികുതി ചുമത്തുമെന്ന് ലോക വ്യാപാര സംഘടനയ്ക്കു നൽകിയ കത്തിൽ ഇന്ത്യ പറഞ്ഞു.

ഈ വർഷം ആദ്യം അധികാരത്തിലെത്തിയ ഉടൻ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇന്ത്യയടക്കമുള്ള രാജ്യങ്ങൾക്കു മേൽ വൻ തീരുവ പ്രഖ്യാപിച്ചിരുന്നു.






# നൈപുണ്യവും അഭിരുചിയും പ്രധാനം: ഡോ. ഡി. ശേഷഗിരി

**കൊച്ചി:** 'നൈപുണ്യവും അഭിരുചിയുമാണ് മികച്ച ശമ്പളമുള്ള തൊഴിലിനെക്കാൾ പ്രധാനം. അഭിരുചിയുണ്ടെങ്കിൽ അസാധ്യമായ വഴി എന്നൊന്നില്ല,' എന്ന് നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി (എൻപിഓഎൽ) ഡയറക്ടർ ഡോ. ഡി ശേഷഗിരി അഭിപ്രായപ്പെട്ടു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് 202025, 202325 അക്കാദമിക വർഷങ്ങളിൽ ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ ബിരുദ സമർപ്പണച്ചടങ്ങിൽ മെയ് 15 ന് മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.എസ്.സി, എം.ടെക്, പിഎച്ച്ഡി എന്നിവ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കാണ് ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചത്. ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് ഡയറക്ടർ ഡോ. സജി കെ.ജെ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. പ്രിയ റോസ്, ഫോട്ടോണിക്സ് പ്രൊഫസർ ഡോ. എം. കൈലാസ്നാഥ്, കമ്പ്യൂട്ടർ സയൻസ് വിഭാഗം തലവൻ ഡോ. മധു എസ്. നായർ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജീന കെ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ഓപ്പൺ റാങ്കിംഗ് സ്പീഡ് സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പ്; തമിഴ്നാട് മുന്നിൽ, കേരളം രണ്ടാം സ്ഥാനത്ത്

**പെരുമ്പാവൂർ:** എട്ടാമത് ഓപ്പൺ റാങ്കിംഗ് സ്പീഡ് സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിന്റെ രണ്ടാം ദിനത്തിലും 143 പോയിന്റുമായി തമിഴ്നാടാണ് മുന്നിലുള്ളത്. 43 പോയിന്റുമായി കേരളം രണ്ടാം സ്ഥാനത്തും 27 പോയിന്റുള്ള കർണാടക മൂന്നാം സ്ഥാനത്തുമാണ്. ചാംപ്യൻഷിപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം രണ്ടാം ദിവസമായിരുന്ന ഇന്നലെ പെരുമ്പാവൂർ എംഎൽഎ എൽദോസ് കുന്നപ്പള്ളി നിർവ്വഹിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി വിശിഷ്ടാഥിതിയായിരുന്നു. റോളർ സ്കേറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് തുളസി റാം അഗർവാൾ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യൻ ടീം അംഗമായ എ.എ എബ്ന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ആർഎസ്എഫ്ഐ ട്രഷറർ ഭഗീരത് കുമാർ ഡി, എറണാകുളം സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അഡ്വ. പി.വി ശ്രീനിജൻ എംഎൽഎ, രായമംഗലം പഞ്ചായത്ത് പ്രസിഡന്റ് അജയകുമാർ എൻപി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. ചാമ്പ്യൻഷിപ്പ് ഇന്ന് അവസാനിക്കും.

## ടാൽറോപ് ഉച്ചകോടി 20ന് ദുബായിൽ

**ദുബായ്:** കേരളത്തിൽനിന്ന് ആഗോളസംരംഭങ്ങൾ വളർന്നുവരുന്നതിന് ടാൽറോപ് കേരളത്തിൽ വികസിപ്പിച്ചെടുക്കുന്ന സിലിക്കൺ വാലി മോഡൽ ഇക്കോസിസ്റ്റത്തെ 20 രാജ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിൻറെ ഭാഗമായി ടാൽറോപ്ഖലീജ് ടൈംസ് ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് ഓൺട്രപ്രണർഷിപ്പ് ഉച്ചകോടി 20ന് ദുബായിൽ നടക്കും. ദുബായ് ഇൻറർകോണ്ടിനെൻറൽ ഫെസ്റ്റിവൽ സിറ്റിയിലാണു പരിപാടി.ഇന്ത്യയും യുഎഇയും തമ്മിലുള്ള ചരിത്രപരമായ പങ്കാളിത്തത്തിൻറെ വാതായനങ്ങൾ തുറക്കപ്പെടുന്ന ഉച്ചകോടിയിൽ ടാൽറോപ് വികസിപ്പിച്ചെടുക്കുന്ന സിലിക്കൺ വാലി മോഡൽ ഇക്കോസിസ്റ്റത്തെക്കുറിച്ചുള്ള വിശദമായ സെഷനുകൾ ഉണ്ടാകും.

## ഉദ്ഘാടനം ചെയ്തു

**അടിമാലി:** മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന രാത്രികാല മൃഗ ചികിത്സ പദ്ധതി മൊബൈൽ വെറ്ററിനറി യൂണിറ്റ് ഉദ്ഘാടനം ചെയ്തു.അടിമാലി ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും ക്ഷീര കർഷകരുടെ വളർത്തു മൃഗങ്ങൾക്ക് അത്യാവശ്യ ചികിത്സക്കായി ഡോക്ടറുടെ സേവനം വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനാണ് മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് അടിമാലി ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്.



# മലപ്പുറത്ത് 76 കിലോമീറ്റർ നീളത്തിൽ ആറുവരിപ്പാത; ജൂണിൽ പൂർണമായി തുറക്കും

**കുറ്റിപ്പുറം:** മംഗളൂരു–ഇടപ്പള്ളി ദേശീയപാതയുടെ ഭാഗമായി ജില്ലയിൽ നിർമിക്കുന്ന ആറുവരിപ്പാതയുടെ നിർമാണം അന്തിമഘട്ടത്തിലേക്ക്. 75.6 കിലോമീറ്റർ നീളത്തിൽ മലപ്പുറം ജില്ലയിൽ പൂർത്തിയാകുന്ന പാത ജൂൺ മാസത്തോടെ പൂർണമായി ഗതാഗതത്തിനു തുറുന്നുനൽകും. ജില്ലയിലെ 93% ജോലികളും പൂർത്തിയായിക്കഴിഞ്ഞു. കന്യാകുമാരിയിൽ നിന്ന് ഇടപ്പള്ളി വഴി മുംബൈ പനവേലിൽ എത്തിച്ചേരുന്ന സുപ്രധാന പാതയാണിത്. മേയ് 31നകം മുഴുവൻ ജോലികളും പൂർത്തിയാക്കാനാണ് ദേശീയപാത അതോറിറ്റിയുടെ നിർദേശം. ഇതിന്റെ ഭാഗമായി പല ഭാഗത്തും 24 മണിക്കൂറും ജോലികൾ പുരോഗമിക്കുകയാണ്. ജോലികൾ തീർത്ത് മാർച്ച് 31നകം ആറുവരിപ്പാത ദേശീയപാത അതോറിറ്റിക്കു കൈമാറണം എന്നായിരുന്നു കാരാർ കമ്പനിയായ കെഎൻആർസിഎല്ലിന് നേരത്തെ നൽകിയിരുന്ന നിർദേശം. എന്നാൽ, നിശ്ചിത സമയത്തിനകം ജോലികൾ പൂർത്തിയാകാത്തതിനെത്തുടർന്ന് 2 മാസംകൂടി നീട്ടി നൽകുകയായിരുന്നു.

ജില്ലയിലെ ഏക റെയിൽവേ മേൽപാലത്തിന്റെ പൂർത്തീകരണമാണ് അവശേഷിക്കുന്ന ജോലികളിൽ ഏറ്റവും പ്രധാനപ്പെട്ടത്. കുറ്റിപ്പുറം റെയിൽവേ മേൽപാലത്തിന്റെ ഭാഗമായി ട്രാക്കുകൾക്ക് മുകളിൽ സ്ഥാപിക്കാനായി കോംപസിറ്റ് ഗർഡർ തയാറായിക്കഴിഞ്ഞു. ഉരുക്കിൽ നിർമിച്ച ഈ പാലം 9 മാസം കൊണ്ടാണ് പൂർത്തിയാക്കിയത്. ഇരുമ്പുപാലം സ്ഥാപിക്കാൻ റെയിൽവേ സമയം അനുവദിക്കേണ്ടതുണ്ട്. റെയിൽവേയുടെ വൈദ്യുതിലൈനുകൾ അടക്കം ഓഫ് ചെയ്ത് ട്രെയിനുകൾ ഇല്ലാത്ത സമയത്താണ് ഇത് സ്ഥാപിക്കുക. അടുത്ത ആഴ്ചയോടെ പാലം സ്ഥാപിക്കുമെന്നാണു വിവരം. കോംപസിറ്റ് ഗർഡറിന് ഇരുവശത്തുമുള്ള കോൺക്രീറ്റ് പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും ജോലികൾ അന്തിമഘട്ടത്തിലാണ്.

ജില്ലയിലെ ഏക റെയിൽവേ മേൽപാലത്തിന്റെ പൂർത്തീകരണമാണ് അവശേഷിക്കുന്ന ജോലികളിൽ ഏറ്റവും പ്രധാനപ്പെട്ടത്. കുറ്റിപ്പുറം റെയിൽവേ മേൽപാലത്തിന്റെ ഭാഗമായി ട്രാക്കുകൾക്ക് മുകളിൽ സ്ഥാപിക്കാനാ!യി കോംപസിറ്റ് ഗർഡർ തയാറായിക്കഴിഞ്ഞു. ഉരുക്കിൽ നിർമിച്ച ഈ പാലം 9 മാസം കൊണ്ടാണ് പൂർത്തിയാക്കിയത്. ഇരുമ്പുപാലം സ്ഥാപിക്കാൻ റെയിൽവേ സമയം അനുവദിക്കേണ്ടതുണ്ട്. റെയിൽവേയുടെ വൈദ്യുതിലൈനുകൾ അടക്കം ഓഫ് ചെയ്ത് ട്രെയിനുകൾ ഇല്ലാത്ത സമയത്താണ് ഇത് സ്ഥാപിക്കുക. അടുത്ത ആഴ്ചയോടെ പാലം സ്ഥാപിക്കുമെന്നാണു വിവരം. കോംപസിറ്റ് ഗർഡറിന് ഇരുവശത്തുമുള്ള കോൺക്രീറ്റ് പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും ജോലികൾ അന്തിമഘട്ടത്തിലാണ്.

7800 കോടിയോളം രൂപ ചെലവിട്ടാണ് ജില്ലയിൽ പുതിയ പാത യാഥാർഥ്യമാകുന്നത്. ഇതിൽ മൂവായിരം കോടിയിലേറെ രൂപ സ്ഥലമേറ്റെടുപ്പിനു ചെലവഴിച്ചു. 2022 മാർച്ച് 22നാണു ജില്ലയിലെ ജോലികൾ ആരംഭിച്ചത്. 3 വർഷത്തിനുള്ളിൽ ജില്ലയുടെ മുഖഛായ മാറ്റിയ പദ്ധതിയാണ് അന്തിമഘട്ടത്തിലേക്ക് നീങ്ങുന്നത്.

# നിർമല കോളജിൽ വിവിധ കോഴ്സുകളിൽ മെറിറ്റ് അഡ്മിഷൻ ആരംഭിച്ചു

**മൂവാറ്റുപുഴ:** നിർമല കോളജിൽ (ഓട്ടോണമസ്) 20252026 അക്കാദമിക വർഷത്തേക്കുള്ള അഡ്മിഷൻആരംഭിച്ചു. ബിഎ, ബിഎസ്സി, ബികോം., ബിസിഎ, ബിടിടിഎം, ബി.വോക്, ബിബിഎ, ബിഎസ്ഡബ്ല്യു എന്നീ യുജി പ്രോഗ്രാമുകളും എംഎ, എംഎസ്സി, എംകോം, എംസിഎ, എംടിടിഎം., എംഎഎച്ച്ആർഎം, എംഎസ്ഡബ്ല്യു എന്നീ പിജി പ്രോഗ്രാമുകളും ഇതിനു പുറമേ അഞ്ചു വർഷത്തെ ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളായ എംഎസ്സി കംപ്യൂട്ടർ സയൻസ്, ഡാറ്റാ സയൻസ്, എംസിഎ എന്നീ പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം ആരംഭിച്ചിരിക്കുന്നത്.

ഓൺലൈനായി കോളജിൻറെ വെബ്സൈറ്റ് (www.nirmalacollege.ac.in) വഴിയാണ് അപേക്ഷിക്കേണ്ടത്. വിദ്യാർഥികൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനും വിവിധ പ്രോഗ്രാമുകളെക്കുറിച്ചു മനസിലാക്കുന്നതിനുമായി സൗജന്യമായി കോളജിൽ അഡ്മിഷൻ ഹെൽപ് ഡെസ്ക് രാവിലെ 9.30 മുതൽ വൈകുന്നേരം അഞ്ചു വരെ പ്രവർത്തിക്കും. ഫോൺ: 9446600852, 9446600853.

# വിദ്യാർഥികളെ വരവേൽക്കാൻ സ്കൂളുകൾ ഒരുങ്ങുന്നു

**കൊച്ചി:** പുതിയ അധ്യയനവർഷം തുടങ്ങാൻ രണ്ടാഴ്ച മാത്രം ശേഷിക്കേ, വിദ്യാർഥികളെ വരവേൽക്കാൻ ജില്ലയിലെ സ്കൂളുകൾ ഒരുങ്ങുന്നു. പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി എത്തുന്ന കുട്ടികളെ, കെട്ടിലും മട്ടിലും പുതുമ നിറച്ച് സ്വീകരിക്കാനായി പല സ്കൂളുകളിലും അറ്റകുറ്റപ്പണികൾ പുരോഗമിക്കുകയാണ്.

27 നകം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കണമെന്ന് മന്ത്രി വി.ശിവൻകുട്ടി കഴിഞ്ഞ ദിവസം നിർദേശിച്ചിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ ദ്രുതഗതിയിലാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷയ്ക്കുതന്നെയാണ് അധികൃതർ പ്രാമുഖ്യം നൽകുന്നത്.

ഗവ. സ്കൂളുകൾ 375, എയ്ഡഡ് സ്കൂളുകൾ 513, അൺ എയ്ഡഡ് സ്കൂളുകൾ 95 എന്നിങ്ങനെ ജില്ലയിൽ ആകെ 983 സ്കൂളുകളിലേക്കാണ് വിദ്യാർഥികളെത്തുന്നത്. ജൂൺ രണ്ടിനാണ് സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നത്.

കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന ഉടൻ ആരംഭിക്കും. ഡിഡിഇ ഓഫീസ്, നാല് ഡിഇഒ ഓഫീസുകൾ, 14 എഇഒ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നുള്ള 400 ഓളം ഉദ്യോഗസ്ഥരാണ് ജില്ലയിലെ വിവിധ സ്കൂളുകളിൽ രണ്ടു ദിവസങ്ങളിലായി ഫിറ്റ്നസ് പരിശോധന നടത്തുന്നത്. കെട്ടിടം പുതുതായി നിർമിച്ചതാണെങ്കിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഒരു സ്കൂളും തുറന്നു പ്രവർത്തിക്കാൻ അനുവദിക്കില്ല. പുതിയ കെട്ടിടം പണിയുന്നതാണെങ്കിൽ കെട്ടി മറച്ചാണോ നിർമാണം നടക്കുന്നത്, ഇലക്ട്രിക് ജോലികൾ സുരക്ഷിതമാണോ, സ്കൂളിന് ചുറ്റുമതിലുണ്ടോ, മാലിന്യ സംസ്കരണ സംവിധാനം കുറ്റമറ്റതാണോ, കിണറിന് ആൾമറയുണ്ടോ, ഭിന്നശേഷിക്കാർക്കുള്ള റാംപ്, റെയിൽ സൗകര്യം തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും പരിശോധിക്കുന്നത്.

ഇതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ തിരുത്താനുള്ള സമയം നൽകും. ഈ പിഴവ് പരിഹരിച്ചശേഷം മാത്രമേ ഫിറ്റ്നസ് നൽകുകയും സ്കൂൾ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകുകയുമുള്ളൂ.

# ഒന്നാംവിള കൃഷി: കാലവർഷം പരമാവധി പ്രയോജനപ്പെടുത്തണം

**പാലക്കാട്:** കാലവർഷം പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ഈ വർഷത്തെ ഒന്നാം വിള കൃഷി ഇറക്കണമെന്ന് കൃഷി വകുപ്പ് അറിയിച്ചു.ജില്ലയിൽ ഈ വർഷത്തെ ഒന്നാംവിള കൃഷി ഇറക്കുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന കൃഷി വകുപ്പ്, ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.ജില്ലയിൽ ഒന്നാംവിള പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചാണ് കൃഷി ഇറക്കുന്നത്. ഒന്നാംവിളക്ക് ഓലകരിച്ചിൽ (ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ്) വ്യാപകമായതിനാൽ വിത്തിൽ തന്നെ സ്യൂഡോമുനസ് പരിചരണം നൽകേണ്ടതുണ്ട്.ഒരു കിലോ വിത്തിന് 10 ഗ്രാം എന്ന തോതിലാണ് പരിചരണം നൽകേണ്ടത്. പറിച്ചു നടുന്നതിന് മുന്പ് ഞാറ് സ്യൂഡോമുനസ് ലായനിയിൽ മുക്കി നടുന്നതും നട്ട് ഒരു മാസം കഴിയുന്പോൾ സ്യൂഡോമുനസ് സ്പ്രേ ചെയ്തുകൊടുക്കുന്നതും ഓലകരിച്ചിൽ രോഗത്തെ പ്രതിരോധിക്കുവാൻ സഹായിക്കും. ഓലച്ചുരുട്ടിപുഴു, തണ്ടുതുരപ്പൻ എന്നിവയ്ക്ക് ട്രൈക്കോകാർഡ് ഉപയോഗിക്കാവുന്നതാണ്. ശാസ്ത്രീയമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കണം ചുണ്ണാന്പും രാസവളങ്ങളും ഉപയോഗിക്കേണ്ടത്.നെൽകൃഷി ചെയ്ത കർഷകർ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാവണം. നെൽകൃഷിക്ക് സംസ്ഥാന സർക്കാരിൻറെ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്പാദന ഉപാധികൾ, തരിശുനില കൃഷി, എൻഎഫ്എസ്എം പദ്ധതിയിൽ ഉൾപ്പെടുത്തി വിത്ത്, കളകീടനാശിനികൾ, പന്പ് സെറ്റ്, ത്രിതല പഞ്ചായത്ത് മുഖേന വിത്ത്, സ്ഥിരം കൃഷി സഹായം തുടങ്ങിയവയും കൂടാതെ ഉത്പാദന ബോണസും സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി നൽകിവരുന്നുണ്ട്.

# ചൈൽഡ്ഹുഡ് അപ്രാക്സിയ ഓഫ് സ്പീച്ച്

## അറിയേണ്ടതെല്ലാം



**ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി,**
സ്ഥാപകൻ, പ്രയത്ന, കൊച്ചി




എപ്പോഴെങ്കിലും നിങ്ങളുടെ കുട്ടികൾക്ക് എന്തു പറയണമെന്നുള്ള ആശയം ഉള്ളിൽ ഉണ്ടായിട്ടും അത് പറഞ്ഞു പ്രകടിപ്പിക്കാൻ സാധിക്കുന്നില്ല എന്ന് തോന്നിയിട്ടുണ്ടോ?. ഉണ്ടെങ്കിൽ ചൈൽഡ്ഹുഡ് അപ്രാക്സിയ ഓഫ് സ്പീച്ച് (സി എ എസ്) എന്ന അവസ്ഥയായിരിക്കാം. വളരെ അപൂർവമായ ഒരു ന്യൂറോളജി ഡിസോഡർ ആണ് സി എ എസ്. സംസാരിക്കാൻ ആവശ്യമായ പേശികളുടെ ചലനങ്ങൾ ആസൂത്രണം ചെയ്യാനും ഏകോപിപ്പിക്കാനും തലച്ചോറിന് ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥ. മറ്റ് സംസാര വൈകല്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, ദുർബലമായ പേശികൾ മൂലമല്ല സി എ എസ്. ഉണ്ടാകുന്നത്, ആ പേശികളെ ഫലപ്രദമായി നയിക്കാനുള്ള തലച്ചോറിന്റെ കഴിവില്ലായ്മയാണ് പ്രശ്നം.

**സി എ എസ്  എന്താണ്?**

ചുണ്ടുകൾ, താടിയെല്ല്, നാവ് എന്നിവയെല്ലാം കൃത്യമായ രീതിയിൽ ഒരുമിച്ചു പ്രവർത്തിക്കുമ്പോഴാണ് മനുഷ്യന് സംസാരിക്കാൻ സാധിക്കുന്നത്. എന്നാൽ സി എ എസ് ബാധിച്ച ഒരു കുട്ടിക്ക് ഈ അവയവങ്ങളിൽ ഒന്നും കൃത്യമായി നിയന്ത്രിക്കാൻ സാധിക്കുകയില്ല. തലച്ചോറിന്റെ ആസൂത്രണ സംവിധാനം തകരാറിലാകുന്നതാണ് കാരണം. അതായത് സംസാര പേശികളെ നിർദ്ദേശിക്കുന്ന പാത ശരിയായി പ്രവർത്തിക്കാത്ത അവസ്ഥ.

സി എ എസ് ഉള്ള കുട്ടികളിൽ വളരെ ചെറുപ്പത്തിൽ തന്നെ സംസാരത്തിലെ  പൊരുത്തക്കേടുകൾ പ്രകടമാകും. കുട്ടികൾ അധികം സംസാരിക്കാതിരിക്കുക. ആദ്യ വാക്കുകൾ പ്രതീക്ഷിച്ചതിനും വൈകി സംസാരിക്കുക. എന്നിവയൊക്കെ സി എ എസിന്റെ ലക്ഷണങ്ങളാണ്. വളരുന്തോറും അവരുടെ സംസാരം മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും. വികലമായ ശബ്ദങ്ങൾ, പിശകുകൾ, അസാധാരണമായ താളം എന്നിവയൊക്കെ അവരുടെ വാക്കുകളിൽ കാണപ്പെടുന്നു.



**സി എ എസ് എങ്ങനെ തിരിച്ചറിയാം?**

സാധാരണയായി 18 മാസം മുതൽ 2 വയസ്സ് വരെയുള്ള കാലയളവിൽ ആണ് സി എ എസിന്റെ ലക്ഷണങ്ങൾ കണ്ട് തുടങ്ങുക. മറ്റ് കുട്ടികളേക്കാൾ കുറച്ച് വാക്കുകൾ മാത്രം  പറയുന്നതോ, മനസ്സിലാക്കാൻ പ്രയാസമുള്ള രീതിയിൽ സംസാരിക്കുന്നതോ ആണ് പ്രാഥമിക ലക്ഷണം. മറ്റ് ലക്ഷണങ്ങൾ ഇവയൊക്കയാണ്:

1. ശബ്ദങ്ങളോ വാക്കുകളോ അനുകരിക്കുന്നതിൽ ബുദ്ധിമുട്ട്
2. ഓരോ തവണയും ഒരേ വാക്ക് വ്യത്യസ്തമായി ഉച്ചരിക്കൽ
3. അക്ഷരങ്ങൾക്കിടയിൽ അനാവശ്യമായ നിർത്തൽ
4. വികലമായ സ്വരാക്ഷര ശബ്ദങ്ങൾ
5. വാക്കുകൾ രൂപപ്പെടുത്താൻ ബുദ്ധിമുട്ട് അനുഭവിക്കുക

സ്പീച്ച് തെറാപ്പിയിലൂടെ പുരോഗതി നേടാം. നേരത്തെയുള്ളതും സ്ഥിരവുമായ സ്പീച്ച് തെറാപ്പിയിലൂടെ, സി എ എസ് ഉള്ള കുട്ടികൾക്ക് ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിയും.  സി എ എസ്നുള്ള തെറാപ്പി സ്റ്റാൻഡേർഡ് സ്പീച്ച് തെറാപ്പിയിൽ നിന്ന് വ്യത്യസ്തമാണ്. ഇത് കൂടുതൽ തീവ്രവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ഉയർന്ന വ്യക്തിഗതവുമാണ്.   ആഴ്ചയിൽ മൂന്ന് മുതൽ അഞ്ച് വരെ വൺഓൺവൺ സെഷനുകളിൽ കുട്ടകളെ പങ്കെടുപ്പിക്കണം, അത്തരം സെക്ഷനുകളിൽ  ആവർത്തനം, ദൃശ്യ സൂചനകൾ (തെറാപ്പിസ്റ്റിന്റെ വായ നിരീക്ഷിച്ച് അനുകരിക്കൽ), സ്പർശന അധിഷ്ഠിത പ്രോംപ്റ്റുകൾ (‘ഊ‘ ശബ്ദത്തിനായി ചുണ്ടുകൾ വളയാൻ സഹായിക്കുന്നതുപോലെ) എന്നിവയിലൂടെ ശബ്ദങ്ങൾ ആസൂത്രണം ചെയ്യാനും പറയാനും പഠിപ്പിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ങ്ങളിൽ മാതാപിതാക്കൾക്കും വീട്ടിൽ തുടർച്ചയായ പരിശീലനം നൽകാം.

സംസാരം പ്രത്യേകിച്ച് വൈകുമ്പോൾ, ആംഗ്യഭാഷ അല്ലെങ്കിൽ സംഭാഷണം സൃഷ്ടിക്കുന്ന ആപ്പുകൾ പോലുള്ള ഇതര ആശയവിനിമയ രീതികൾ ഗെയിം ചേഞ്ചറുകളായി മാറും. കുട്ടികൾക്ക്  സ്വയം പ്രകടിപ്പിക്കാനുള്ള ഒരു മാർഗം അവ നൽകുന്നു, അതിലൂടെ അവരുടെ നിരാശ ലഘൂകരിക്കാനും ആത്മവിശ്വാസം വളർത്താനും സാധിക്കും. സി എ എസ് ഉള്ള കുട്ടികളിൽ സ്പീച്ച് തെറാപ്പിക്കൊപ്പം തൊഴിൽ അല്ലെങ്കിൽ ഫിസിക്കൽ തെറാപ്പി ഉൾപ്പെടുന്ന ഒരു മൾട്ടി ഡിസിപ്ലിനറി സമീപനം പലപ്പോഴും മികച്ച ഫലങ്ങളിലേക്ക് നയിക്കുന്നു.

ഓർക്കുക സി എ എസ് വേഗത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കുന്ന ഒരു അവസ്ഥയല്ല. എന്നാൽ ക്ഷമ, വിദഗ്ദ്ധ പിന്തുണ, പ്രോത്സാഹനം എന്നിവയാൽ, കാര്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയും ചെയ്യും. നിങ്ങളുടെ കുട്ടിക്ക് അവരുടെ ശബ്ദം കണ്ടെത്താൻ ബുദ്ധിമുട്ടുന്നുണ്ടെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ, കാത്തിരിക്കരുത്. നേരത്തെയുള്ള ഇടപെടൽ നല്ല മാറ്റങ്ങൾ  സമ്മാനിക്കും.



# മാറുന്ന ഫാഷൻ കാഴ്ചപ്പാടുകൾ; ചർച്ച ചെയ്ത് ലുലു ഫാഷൻ ഫോറം

**കൊച്ചി:** സമൂഹമാധ്യമങ്ങളുടെ കടന്നുവരവ് ഇ കൊമേഴ്സ് രംഗത്തിന് കരുത്തേകിയെന്ന് ലുലു ഫാഷൻ ഫോറം. കൊച്ചി ലുലു മാളിൽ ലുലു ഫാഷൻ സ്റ്റോർ സംഘടിപ്പിച്ച ലുലു ഫാഷൻ ഫോറത്തിൽ ഫാഷൻ ലോകവും സമൂഹമാധ്യമ സ്വാധീനവും എന്ന ചർച്ചയിൽ നടൻ ജിനു ജോസഫ്, ഇൻഫ്ളുവൻസറും ആരോഗ്യ വിദഗ്ധയുമായ ഡോ. ഫാത്തിമ നെലുഫർ ഷെറിഫ്, അസിസ്റ്റന്റ് പ്രഫസറും അക്കാഡമിക് വിദഗ്ധയുമായ മുക്തി സുമംഗള, സെലിബ്രിറ്റി കോസ്റ്റും സ്റ്റൈലിസ്റ്റ് ജിഷാദ് ഷംസുദ്ധീൻ എന്നിവർ അതിഥികളായി. അവതാരകനും നടനുമായ രാകേഷ് കേശവായിരുന്നു മോഡറേറ്റർ. ഇ കൊമേഴ്സ് രംഗത്ത് കാതലായ മാറ്റമാണ് സമൂഹമാധ്യമങ്ങളുടെ കടന്നുവരവോടെ സാധ്യമായതെന്ന് ഫാഷൻ ഫോറത്തിൽ ഡോ. ഫാത്തിമ നെലുഫർ ഷെറിഫ് അഭിപ്രായപ്പെട്ടു. ഫാഷൻ രംഗത്തെ ജനങ്ങളോട് അടുപ്പിക്കാനും ബ്രാൻഡുകൾ വേഗത്തിൽ തിരഞ്ഞെടുക്കുവാനും സോഷ്യൽ മീഡിയ സ്വാധീനം ഉപകരിക്കുന്നുണ്ട്. ഇൻസ്റ്റഗ്രാം , ഫേസ്ബുക്ക് പോലയുള്ള സമൂഹ മാധ്യമങ്ങളുടെ കടന്നുവരവ് ഇ കൊമേഴ്സ് രംഗത്തും ഫാഷൻ രംഗത്തും വലിയ മാറ്റങ്ങൾ കൊണ്ടു വന്നിട്ടുണ്ടെന്നും അവർ പ്രതികരിച്ചു. ഫാഷൻ ബ്രാൻഡുകൾ ഏത് തിരഞ്ഞെടുക്കണമെന്നും എപ്പോൾ തിരഞ്ഞെടുക്കണമെന്നും സമൂഹമാധ്യമങ്ങളുടെ വളരെ എളുപ്പത്തിൽ സാധിക്കും. തിരഞ്ഞെടുപ്പുകൾ വേഗത്തിലാക്കുന്നതിനും വീട്ടിൽ ഇരുന്ന് പോലും വേഗത്തിൽ ഓർഡർ ചെയ്യുന്നതിനും സമൂഹമാധ്യമങ്ങൾ വഴിയുള്ള തിരഞ്ഞെടുപ്പുകൾ ഫലപ്രദമാണെന്നും ഡോ.ഫാത്തിമ നെലുഫർ ഷെറിഫ് അഭിപ്രായപ്പെട്ടു.

ഒരു ഉത്പ്പന്നം മാർക്കറ്റിലേക്ക് എത്തിക്കുന്നതിൽ പുതുതലമുറയെ ആർഷിക്കുന്ന പ്രധാന ഘടകമായി ഇന്ന് സമൂഹമാധ്യമങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി യൂട്യൂബ് , പോലെയുള്ള നവമാധ്യമ കടന്നുവരവും ഇൻഫ്ളുവൻസേഴിസിന്റെ പരസ്യ പ്രചരണ രീതിയിലുള്ള വീഡിയോകളും പലപ്പോഴും ഫാഷൻ രംഗത്തെ പരിചയപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നുണ്ടെന്നും പ്രഫ. മുക്തി അഭിപ്രായപ്പെട്ടു. ഒരുപാട് ഇൻഫള്യുവൻസേഴ്സ് ഫാഷൻ രംഗത്തേക്ക് വീഡിയോകളുമായി എത്തുമ്പോൾ ഉത്പ്പന്നത്തിലുള്ള വിശ്വാസീയത പ്രധാന ഘടകമാണെന്നും അവർ പ്രതികരിച്ചു. ബിഗ്ബിയിൽ അമൽ നീരദ് എന്നെ തിരഞ്ഞെടുത്തത് എന്റെ കോസ്റ്റുമും ഫാഷൻ സെൻസും തിരിച്ചറഞ്ഞാണെന്ന് നടൻ ജിനു ജോസഫിന്റെ പ്രതികരണം. എന്റെ ലുക്കും ഫാഷൻ സെൻസുമാണ് അദ്ദേഹത്തിന് എന്നെ ആ വേഷത്തിലേക്ക് ക്ഷണിക്കാൻ പ്രേരിപ്പിച്ചതെന്നും ജിനു ജോസഫ് വ്യക്തമാക്കി.

ഒരു ചലച്ചിത്ര താരത്തിന്റെ വസ്ത്രം ആ താരത്തിന് ബോധിച്ച രീതിയിൽ ചെയ്തെടുക്കുക ഉത്തരവാദിത്തത്തോടെ ചെയ്യേണ്ട ജോലിയാണ്. ആ താരത്തിനെ ആ വസ്ത്രാലങ്കാരത്തിലൂടെ കൂടുതൽ സ്റ്റൈലിഷാക്കുക എന്നതിന് കടമ്പകൾ ഏറെയുണ്ടെന്നും അദ്ദേഹം പറഞ്ഞു. അത്തരത്തിൽ ചെയ്തെടുത്തിട്ടുള്ള കോസ്റ്റുമുകളാണ് പലപ്പോഴും അടുത്ത ട്രെൻഡായി മാറിയിള്ളതെന്നും ജിഷാദ് ഷംസുദ്ധീൻ മോഡറേറ്റർ രാകേഷ് കേശവിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ജയിലർ എന്ന സിനിമയിലെ മോഹൻലാലിനുവേണ്ടി ചെയ്ത വസ്ത്രാലങ്കാരത്തെക്കുറിച്ചുള്ള അനുഭവവും അദ്ദേഹം വേദിയിൽ പങ്കുവച്ചു. കഥാപാത്രത്തിന്റെ വ്യക്തിത്വവുമായി പൊരുത്തപ്പെടുന്ന ഒരു ലുക്ക് നിർമ്മിക്കുന്നതിന് നിരീക്ഷണം ആവശ്യ ഘടകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സിനിമകൾക്കായുള്ള വസ്ത്രാലങ്കാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന വെല്ലുവിളികളെയും സങ്കീർണതകളെയും കുറിച്ച് ജിഷാദ് ചർച്ച ചെയ്തു. ഫാഷൻ ഫോറം സമാപന വേളയിൽ ലുലു മാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ് അതിഥികൾക്ക് ഉപഹാരം നൽകി.



# കളമശേരിയിൽ കൊച്ചി മെട്രോ ഫ്യൂവൽ സ്റ്റേഷൻ; 19 ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** കൊച്ചി മെട്രോ ബിപിസിഎല്ലുമായി ചേർന്ന് കളമശേരി മെട്രോ സ്റ്റേഷനു സമീപം അത്യാധുനിക ഫ്യൂവൽ സ്റ്റേഷൻ ആരംഭിക്കുന്നു ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് കൊച്ചി മെട്രോ ഫ്യൂവൽ സ്റ്റേഷൻ ആരംഭിക്കുന്നത്. 26,900 ചതുരശ്രയടി വിസ്തീർണത്തിലാണ് പമ്പ് പ്രവർത്തിക്കുന്നത്. സുസ്ഥിരവും യാത്രാ സൗഹൃദവുമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായാണ് ഇത്തരം സൗകര്യങ്ങൾ കൊച്ചി മെട്രോ ഏർപ്പെടുത്തുന്നത് എന്ന് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു.

ഡീസലിനും പെട്രോളിനും പുറമെ പമ്പിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ട്. സിഎൻജി, നൈട്രജൻ ഫില്ലിംഗിനുള്ള സൗകര്യവും ഉടനെ ഏർപ്പെടുത്തും. അഞ്ച് മൾട്ടി പ്രോഡക്ട് ഡിസ്പെൻസേഴ്സാണ് സജ്ജമാക്കിയിരിക്കുന്നത്. ഒരേ സമയം 25 വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനുള്ള സൗകര്യവുമുണ്ട്. ഫ്യൂവൽസ്റ്റേഷനോടനുബന്ധിച്ച് വാണിജ്യ സമുച്ചയം, ഫുഡ് കോർട്ട്, പാർക്കിംഗ് സൗകര്യം തുടങ്ങിയവ സജ്ജമാക്കി വികസിപ്പിക്കാനും പദ്ധതിയുണ്ട്.

കുടുംബശ്രീയുമായി സഹകരിച്ചാണ് മനുഷ്യവിഭവശേഷി സജ്ജമാക്കിയിരിക്കുന്നത്. 24 മണിക്കൂറും സേവന സന്നദ്ധമായ പമ്പിൽ 17 സ്ത്രീകളും 13 പുരുഷന്മാരുമാണ് പ്രവർത്തിക്കുന്നത്. ഈ മാസം 19 ന് വൈകുന്നേരം മൂന്നിന് മന്ത്രി പി രാജീവ് ഫ്യുവൽ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എംപി അധ്യക്ഷനായിരിക്കും. കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ, കളമശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, കൗൺസിലർ ഹജാറ ഉസ്മാൻ, കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ(ഐ/സി) ശങ്കർ എം, ബിപിസിഎൽ ഹെഡ് റീറ്റെയ്ൽ സൗത്ത് രവി ആർ സഹായ്, സ്റ്റേറ്റ് ഹെഡ് (റീറ്റെയ്ൽ) കേരള, ഹരി കിഷെൻ വി ആർ തുടങ്ങിയവർ സന്നിഹിതരായിരിക്കും.

# ലാഭത്തിൽ വൻകുതിപ്പ് നടത്തി ബിഎൽഎസ്

**കൊച്ചി:** വിസ, കോൺസുലർ, ഡിജിറ്റൽ സേവന രംഗത്ത് ആഗോള പ്രശസ്തരായ ഇന്ത്യൻ സ്ഥാപനം ബി എൽ എസ് ഇന്റർനാഷണൽ 2025 സാമ്പത്തിക വർഷം എക്കാലത്തേയും മികച്ച വരുമാന നേട്ടം കൈവരിച്ചു. വർഷാന്ത ഫലങ്ങളിലും നാലാം പാദ ഫലത്തിലും വൻ വർധന രേഖപ്പെടുത്തി. 2025 സാമ്പത്തിക വർഷത്തെ കമ്പനിയുടെ വരുമാനം 2,193.3 കോടി രൂപയാണ്. 2024 സാമ്പത്തിക വർഷത്തെയപേക്ഷിച്ച് 30.8 ശതമാനം വളർച്ച. 2025 സാമ്പത്തിക വർഷം മാർച്ചിൽ അവസാനിച്ച നാലാം പാദത്തിൽ നികുതിക്കു ശേഷമുള്ള ലാഭം മുൻ വർഷത്തേക്കാൾ 58.7 ശതമാനം വളർന്ന് 17.3 കോടി രൂപയായി.

2025 സാമ്പത്തിക വർഷം പലിശ, നികുതികൾ, മൂല്യത്തകർച്ച തുടങ്ങിയവയ്ക്കു മുമ്പുള്ള ലാഭം കഴിഞ്ഞ വർഷത്തേതിനേക്കാൾ 82.1 ശതമാനം ഉയർന്ന് 629.3 കോടി രൂപയായി. ഋആകഠഉഅ മാർജിൻ 2024 സാമ്പത്തിക വർഷത്തെ 20.6 ശതമാനത്തിൽ നിന്ന് ഈ വർഷം 28.7 ശതമാനമായി വർധിച്ചു. നികുതിക്കു ശേഷമുള്ള ലാഭം 539.6 കോടി രൂപയിലേക്ക് കുതിച്ചുയർന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 325.6 കോടി രൂപയായിരുന്നു.

2025 സാമ്പത്തിക വർഷം കമ്പനി എക്കാലത്തേയും വലിയ സാമ്പത്തിക നേട്ടം കൈവരിച്ചതിൽ അതിയായ ചാരിതാർത്ഥ്യമുണ്ടെന്ന് ബിഎൽഎസ് ഇന്റർ നാഷണൽ സർവീസസ് ലിമിറ്റഡ് ജോയിന്റ് മനേജിംഗ് ഡയറക്ടർ ശിഖർ അഗർവാൾ പറഞ്ഞു. വിസ, കോൺസുലർ സേവനങ്ങളിലും ഡിജിറ്റൽ ബിസിനസുകളിലും ഉണ്ടായ വൻ കുതിപ്പാണ് ഈ വളർച്ചയ്ക്കാധാരമെന്ന് അദ്ദേഹം വിലയിരുത്തി.

# സിഎസ്ഇഐഡിസി ഇൻഫോപാർക്കിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി:** സൗദി അറേബ്യയിലെ സോഫ്റ്റ് വെയർ ഡെവലപ്പർ കമ്പനിയായ സിഎസ്ഇയുടെ പാർട്ണർ കമ്പനിയായ സിഎസ്ഇഐഡിസി ഇൻഫോപാർക്കിൽ പ്രവർത്തനം തുടങ്ങി. ഫേസ് രണ്ടിലെ ജ്യോതിർമയ കെട്ടിടത്തിലെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം സിഎസ്ഇ റിയാദ് ചീഫ് ഫിനാൻഷ്യൽ അനലിസ്റ്റ് ഖ്ലൂദ് അൽദുഖൈൽ നിർവഹിച്ചു. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ മുഖ്യാതിഥിയായിരുന്നു.ഇൻഫോപാർക്കിൽ നിലവിലുള്ള 75,000 ഓളം ജീവനക്കാരുടെ എണ്ണം ഒന്നര ലക്ഷമെങ്കിലും ആക്കുകയെന്നതാണ് ലക്ഷ്യമെന്ന് സുശാന്ത് കുറുന്തിൽ ചൂണ്ടിക്കാട്ടി. ചെറുതും വലുതുമായ കമ്പനികളുടെ സാന്നിദ്ധ്യം ഇതിൽ ഏറെ പ്രധാനമാണ്. കമ്പനികളുടെ വളർച്ചയാണ് ഇൻഫോപാർക്കിൻറെ വളർച്ചയെന്നും അദ്ദേഹം പറഞ്ഞു.



സൗദി അറേബ്യയും ഇന്ത്യയും തമ്മിൽ പതിറ്റാണ്ടുകളായി സഹോദരതുല്യമായ ബന്ധമാണുള്ളതെന്ന് ഖ്ലൂദ് അൽദുഖൈൽ ചൂണ്ടിക്കാട്ടി. സൗദി അറേബ്യയിലടക്കം ഇൻഫോപാർക്ക് എന്ന ബ്രാൻഡ് പ്രശസ്തമാണ്. ഈ പ്രശസ്തിയെ സാധൂകരിക്കുന്നതാണ് ഇവിടുത്തെ കാഴ്ചകളെന്നും അവർ ചൂണ്ടിക്കാട്ടി. ഇൻവസ്റ്റ്മൻറ് ബാങ്കുകൾ, ബാങ്കിംഗ്, ഫിൻടെക് മേഖലയിലാണ് സിഎസ്ഇഐഡിസിയുടെ പ്രവർത്തനം. സൗദി അറേബ്യയിലടക്കം ഈ ഐടി സേവനങ്ങൾ കമ്പനി പ്രദാനം ചെയ്യുന്നുണ്ട്.

2636 ചതുരശ്രയടി വലുപ്പമുള്ള പുതിയ ഓഫീസിൽ 20 ജീവനക്കാരാണ് ജോലി ചെയ്യുന്നത്. കൂടുതൽ തൊഴിലവസരങ്ങൾക്കുള്ള സാധ്യത മുന്നിൽ കണ്ടു കൊണ്ടാണ് ഇൻഫോപാർക്ക് പോലുള്ള പ്രശസ്തമായ കാമ്പസിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചതെന്ന് സിഎസ്ഇ റിയാദ് സിഇഒ ജോജി ആൻറണി പറഞ്ഞു.സിഎസ്ഇസെഡ് അസി. ഡെവലപ്മന്റ് കമ്മീഷണർ വിനീത വിജയൻ, സിഎസ്ഇ റിയാദ് മുൻ ജിഎം എച് വിക്രമൻ, സിഡിഒ സന്തോഷ് തങ്കച്ചൻ, ഫിനാൻസ് മാനജേർ ഹുസൈഫ ഹുസൈൻ, സിഎസ്ഇഐഡിസി ഡയറക്ടർമാരായ അനിൽ സാമുവൽ, അഭിലാഷ് മാങ്ങാടൻ, ഇൻഫോപാർക്ക് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ശരീരഭാരം കുറയ്ക്കാൻ ലഘുഭക്ഷണങ്ങളിൽ ശ്രദ്ധ വേണം

**കൊച്ചി:** ശരീരഭാര നിയന്ത്രണത്തിൽ ശ്രദ്ധയൂന്നുന്നവർ ലഘുഭക്ഷണങ്ങളുടെ തിരഞ്ഞെടുപ്പിലും ജാഗ്രത കാണിക്കണമെന്ന് പോഷകാഹാര വിദഗ്ധയായ ഡോ.രോഹിണി പാട്ടീൽ. എ.ബി.സി ക്യാമ്പയിനിൽ സംസാരിക്കുകയായിരുന്നു അവർ. ഭക്ഷണത്തിനിടയിലുള്ള വിശപ്പ്, എന്തെങ്കിലും കഴിക്കാനുള്ള ആസക്തിയെ ഉത്തേജിപ്പിക്കുകയും, അനാരോഗ്യകരമായ തിരഞ്ഞെടുപ്പുകളിലേക്ക് നമ്മെ പ്രേരിപ്പിക്കുകയും ചെയ്യും. ഇത് ഡയറ്റിങ് ലക്ഷ്യങ്ങളെയും തടസപ്പെടുത്തും. എന്നാൽ ലഘുഭക്ഷണം ശരിയായ രീതിയിൽ കഴിച്ചാൽ, ഗുണകരമായ രീതിയിൽ ശരീരഭാരം കുറയ്ക്കുന്നതിന് സഹായകരമാവും. ബദാം, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ പോഷക സാന്ദ്രമായ ഭക്ഷണങ്ങൾ നിയന്ത്രിത അളവിൽ തിരഞ്ഞെടുക്കുകയാണ് ഇതിൽ പ്രധാനമെന്നും അവർ പറഞ്ഞു. ഹൃദയാരോഗ്യം, ചർമാരോഗ്യം, സംതൃപ്തി എന്നിവയെ പിന്തുണയ്ക്കുന്ന ബദാം, ശരീരഭാരം നിയന്ത്രിക്കുന്നതിനും ഏറെ അനുയോജ്യമായ ലഘുഭക്ഷണമാണ്. മുളപ്പിച്ച കടല, പയർ കൊണ്ടുള്ള വിഭവങ്ങൾ, കക്കിരി സാലഡോടു കൂടിയ പനീർ ക്യൂബ്, വറുത്ത നിലക്കടല എന്നിവയും അമിതഭാരം തടയാൻ സഹായകരമാവുമെന്നും അവർ അഭിപ്രായപ്പെട്ടു

## സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി :** സിഎംഎഫ്ആർഐ എംബിഎഫ്എൻഎച്ച് ഡിവിഷനിലെ ജനിതകശാസ്ത്ര വിഭാഗത്തിൽ യംഗ് പ്രൊഫഷണൽക തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 31 മെയ് 2025. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cmfri.org.in സന്ദർശിക്കുക.

## മുത്തൂറ്റ് ഫിൻകോർപ്പ് പരസ്യചിത്ര കാമ്പയിൻ അവതരിപ്പിച്ചു

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (നീല മുത്തൂറ്റ്) പതാക വാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് (എംഎഫ്എൽ) മൂന്നു പരസ്യചിത്രങ്ങൾ പുറത്തിറക്കുന്നു. ബ്രാൻഡ് അംബാസഡർ ഷാരൂഖ് ഖാനെ ഉൾപ്പെടുത്തി നിർമിച്ച പരസ്യചിത്രങ്ങളിലൂടെ സ്വർണ്ണ വായ്പകളുടെ എളുപ്പം, വേഗത, സൗകര്യം എന്നീ പ്രയോജനങ്ങൾ ഉപഭോക്താക്കളിലേയ്ക്ക് എത്തിയ്ക്കാനാണ് എംഎഫ്എൽ ലക്ഷ്യമിടുന്നത്. മുത്തൂറ്റ് ഫിൻകോർപ്പിനെ രാജ്യത്തെ യഥാർത്ഥ സ്വർണ്ണ വായ്പാ വിദഗ്ധരായി ഉയർത്തിക്കാട്ടുകയും ഓരോ ഇന്ത്യക്കാരനും സ്വർണ്ണ വായ്പകൾ തടസരഹിതമായി ലഭ്യമാക്കുന്നതിനുള്ള ബ്രാൻഡിൻറെ പ്രതിബദ്ധത അടിവരയിടുകയും ചെയ്യുന്നതാണ് ഈ കാമ്പയിനെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.ഈ പ്രചാരണത്തിന്റെ ശക്തമായ സന്ദേശം സ്വർണ്ണ വായ്പകൾ ഉപഭോക്താക്കളെ ശാക്തീകരിക്കണം എന്നതാണ്. 3700ലധികം ശാഖകളും മുത്തൂറ്റ് ഫിൻകോർപ്പ് വൺ ആപ്പ് വഴിയുള്ള മികച്ച ഡിജിറ്റൽ അനുഭവത്തിലൂടെ വിശ്വാസ്യതയും സാങ്കേതികവിദ്യയും സംയോജിപ്പിച്ച് എവിടെ നിന്നും എപ്പോഴും ഒരൊറ്റ മിസ്ഡ് കോളിലൂടെ പോലും സ്വർണ്ണ വായ്പകൾ ലഭ്യമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ബജാജ് അലയൻസ് ലൈഫ് സ്മാർട്ട് പെൻഷൻ അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിൽ ഒന്നായ ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് യൂണിറ്റ് ലിങ്ക്ഡ്, പങ്കാളിതര, വ്യക്തിഗത പെൻഷൻ പദ്ധതിയായ ബജാജ് അലയൻസ് ലൈഫ് സ്മാർട്ട് പെൻഷൻ അവതരിപ്പിച്ചു. തങ്ങളുടെ റിട്ടയർമെന്റ് ആസൂത്രണത്തിന്റെ നിയന്ത്രണം ഉപഭോക്താക്കൾക്ക് ഏറ്റെടുക്കാൻ അവസരം നൽകുന്നതാണീ പദ്ധതിയെന്ന് ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ തരുൺ ചുങ് പറഞ്ഞു. ജീവിത കാലം മുഴുവൻ നീണ്ടു നിൽക്കുന്ന ഉറപ്പായ വരുമാനം, റിട്ടയർമെൻറ് വർഷങ്ങളിൽ ജീവിത ലക്ഷ്യങ്ങൾ നിറവേറ്റാനായുള്ള പിന്തുണ തുടങ്ങിയവയ്ക്ക് ഉപയോഗിക്കാനാവുന്ന റിട്ടയർമെൻറ് സമ്പാദ്യം വളർത്തിയെടുക്കാൻ സാധിക്കുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്. അടുത്തിടെ അവതരിപ്പിച്ച ബജാജ് അലയൻസ് ലൈഫ് നിഫ്റ്റി 200 ആൽഫ 30 ഇൻഡക്സ് പെൻഷൻ പദ്ധതിയുമായാണ് ഇതിനെ ബന്ധിപ്പിച്ചിട്ടുള്ളത്. ഉയർന്ന വളർച്ചാ സാധ്യതകളും സാമ്പത്തികമായി സുരക്ഷിതമായ റിട്ടയർമെൻറ് ആസൂത്രണം ചെയ്യാൻ വ്യക്തികളെ സഹായിക്കുന്ന ഉയർന്ന വളർച്ചാ സാധ്യതകളുമാണ് ഇതിനുള്ളത്. ഉപഭോക്താക്കൾക്ക് തങ്ങളുടെ നഷ്ടസാധ്യത നേരിടാനുള്ള കഴിവനുസരിച്ച് തെരഞ്ഞെടുക്കാനാവുന്ന അഞ്ച് പദ്ധതി വിഭാഗങ്ങളാണ് ഇവിടെയുള്ളത്.

വെറും പത്തു വർഷത്തിൽ ആരംഭിക്കുന്ന പോളിസി കാലാവധി, 45 വയസ് എന്ന കുറഞ്ഞ പ്രായത്തിൽ തന്നെ ആനുകൂല്യങ്ങൾ ആരംഭിക്കുന്നു തുടങ്ങിയ ശക്തമായ സവിശേഷതകളാണ് ഈ പദ്ധതിക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു.




# ഫുഡ്ടെക് കേരള 22 മുതൽ വരെ കൊച്ചിയിൽ

**കൊച്ചി:** സംസ്ഥാനത്തെ പ്രമുഖ ഭക്ഷ്യ സംസ്കരണ, പാക്കേജിംഗ് പ്രദർശനമായ ഫുഡ്ടെക് കേരളയുടെ പതിനാറാം പതിപ്പ് മെയ് 22 മുതൽ 24 വരെ കൊച്ചി ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. 22നു രാവിലെ 11ന് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ചെറുതും വലുതുമായ ഭക്ഷ്യ സംസ്കരണ സ്ഥാപനങ്ങൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്ന മെഷീനറി, പാക്കേജിംഗ് ഉപകരണങ്ങൾ, ചേരുവകൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 200ലേറെ സ്ഥാപനങ്ങൾ മേളയിൽ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും. ഹോട്ടൽടെക് പ്രദർശനവും ഇതോടൊപ്പം നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഭക്ഷ്യ സംസ്കരണത്തിലും പാക്കേജിംഗ് മേഖലയിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്നതിന് മേള വേദിയൊരുക്കുമെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്), നബാർഡ്, എൻഎസ്ഐസി, സിഐഎഫ്ടി, നോർക്കറൂട്ട്സ് എന്നിവയുടെ അംഗീകാരവും പിന്തുണയും പ്രദർശനത്തിനുണ്ട്. പിഎംപിഎഫ്ഇ സ്കീമിന് കീഴിലുള്ള 104 സ്റ്റാളുകളായിരിക്കും ഈ വർഷത്തെ പതിപ്പിന്റെ പ്രധാന ആകർഷണം. അതിൽ കേരളത്തിൽ നിന്നുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ നിന്നുള്ള സ്റ്റാളുകളുമുണ്ടായിരിക്കുന്നതാണ്. ഭക്ഷ്യ സംസ്കരണ, പാക്കേജിംഗ് ഉപകരണ വിതരണക്കാരുടെയും ഭക്ഷ്യ സംസ്കരണക്കാരുടെയും ഉപഭോക്താക്കളുടെയും സാന്നിധ്യം എക്സ്പോയ്ക്ക് ഒരു പുതിയ മാനം നൽകുമെന്നും പ്രാദേശിക ഉപഭോക്താക്കളെയും ദേശീയ വിതരണക്കാരെയും മേള ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഒരുമിച്ച് കൊണ്ടുവരുമെന്നും ജോസഫ് കുര്യാക്കോസ് പറഞ്ഞു.പ്രദർശനത്തിന്റെ ഭാഗമായി ബംഗ്ലൂർ ആസ്ഥാനമായ കോഫി ബോർഡ് സംഘടിപ്പിക്കുന്ന കേരള ബാരിസ്റ്റ വർക്ക്ഷോപ്പ് മെയ് 20 മുതൽ 24 വരെ വെന്യു പാർട്ണറായ ചാവറ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും. ഫ്രെഷ് ആന്റ് ഹോണസ്റ്റ് ആണ് ഈ പരിപാടിയുടെ എകിവ്പ്മെന്റ് പാർട്ണർ. കോഫി നിർമാണത്തിലെ നൂതന പ്രവണതകൾ അവതരിപ്പിക്കുന്ന ഇത്തരമൊരു വർക്ക്ഷോപ്പ് സംസ്ഥാനത്ത് ഇതാദ്യമായാണ് അരങ്ങേറുന്നത്.ഈ വർഷത്തെ ഹോട്ടൽടെക് കേരള പതിപ്പിൽ 200ലധികം പ്രദർശകർ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും. എക്സ്പോയുടെ രണ്ടാം ദിവസം നടക്കുന്ന ജിഎം കോൺക്ലേവ് & പർച്ചേസ് മാനേജേഴ്സ് മീറ്റായിരിക്കും ഈ പതിപ്പിന്റെ പ്രധാന ആകർഷണം.കേരളത്തിൽ നിന്നുള്ള ഹോട്ടലുകളിലും റിസോർട്ടുകളിലും നിന്നുള്ള ജിഎംമാരും പർച്ചേസ് മാനേജർമാരും കേരളത്തിലെ വ്യവസായത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യും. ഷെഫ്സ് മീറ്റ്, ഹൗസ് കീപ്പേഴ്സ് മീറ്റ് എന്നിവയും ഇതോടൊപ്പം നടക്കും.സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ ഹൊറേക്ക മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് ജോസഫ് കുര്യാക്കോസ് പറഞ്ഞു.സ്റ്റോൾ മെഷീനറി കണ്ട്രി ഹെഡ് മോഹൻ കുരുവിള, പൂനെ ഗ്യാസ് പ്രതിനിധി ഋഷി മേനോൻ ഡിഐസി ജിഎം നജീബ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു

# രാജ്യാന്തര മറൈൻ സിമ്പോസിയം നവംബറിൽ കൊച്ചിയിൽ

**കൊച്ചി:** നാലാമത് അന്തരാഷ്ട്ര മറൈൻ സിമ്പോസിയം മീകോസ് 4 നവംബർ നാല് മുതൽ ആറ് വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും. സമുദ്രതാപനിലയിലെ വർധനവ് പോലുള്ള ഭീഷണികൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ കാലാവസ്ഥാവ്യതിയാന പഠനങ്ങളിലുള്ള ചർച്ചകൾക്ക് സിമ്പോസിയം ഊന്നൽ നൽകും. സിഎംഎഫ്ആർഐയുമായി സഹകരിച്ച് മറൈൻ ബയോളിജക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് (എംബിഎഐ) ത്രിദിന സമ്മേളനം സംഘടിപ്പിക്കുന്നത്.സമ്മേളനത്തിൽ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയരായ സമുദ്രശാസ്ത്രജ്ഞർ, ഗവേഷകർ, നയരൂപീകരണ വിദഗ്ധർ, വ്യവസായികൾ, വിദ്യാർത്ഥികൾ എന്നിവർ സംബന്ധിക്കും.




ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര മത്സ്യബന്ധനം, സമുദ്രകൃഷി, കാലാവസ്ഥാവ്യതിയാനം, ഉൽപാദനം, വിപണനം, ഉപജീവനമാർഗ്ഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ സെഷനുകളിൽ ചർച്ചകൾ നടക്കും. കടൽ സസ്തനികളെ കുറിച്ചും കടൽ പക്ഷികളെ കുറിച്ചും പ്രത്യേക സെഷനുകളുണ്ട്. ആഗോളതാപനത്തെ തുടർന്ന് സമുദ്ര ആവാസവ്യവസ്ഥ നേരിടുന്ന ഭീഷണികളുമായി ബന്ധപ്പെട്ട പഠനങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കും.

സിമ്പോസിയത്തിലെ ചർച്ചകളിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവഗവേഷകർക്ക് കൂടുതൽ പ്രാമുഖ്യം നൽകുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടറും എംബിഎഐ പ്രസിഡണ്ടുമായ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. മികച്ച ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്ന 35 വയസ്സിന് താഴയുള്ള ഗവേഷകർക്ക് അഞ്ച് യങ് മറൈൻ ബയോളജിസ്റ്റ് പുരസ്കാരങ്ങൾ നേടാനുള്ള അവസരമുണ്ട്. കൂടാതെ, സമുദ്രമത്സ്യ മേഖലയിൽ പ്രഗൽഭരായിരുന്ന ശാസ്ത്രജ്ഞരുടെ സ്മരണക്കായി അഞ്ച് സ്മാരക പുരസ്കാരങ്ങളും സിമ്പോസിയം ഏർപ്പെടുത്തിയിട്ടുണ്ട്.

ഗവേഷണ സ്ഥാപനങ്ങളുടെയും വ്യവസായസ്ഥാപനങ്ങളുടെയും നൂതനാശയങ്ങളും ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്ന മത്സ്യ, കാർഷിക, മറൈൻ പ്രദർശനവും അനുബന്ധമായി നടക്കും.

സിമ്പോസിയത്തിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് ഗണ്യമായ രീതിയിൽ ഫീസിളവുണ്ട്. സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള പഠനങ്ങളുടെ അബ്സ്ട്രാക്റ്റ് ഓഗസ്റ്റ് 31 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ www.mecos4.org.in വെബ്സൈറ്റിൽ ലഭ്യമാണ്.

# രാജ്യത്തെ ആദ്യ ഹരിത ബോട്ട് ആംബുലൻസ് 18 ന് നീറ്റിലിറങ്ങും




**കൊച്ചി:** രാജ്യത്തെ ആദ്യ ഹരിത ബോട്ട് ആംബുലൻസ് കം മെഡിക്കൽ ഡിസ്പപൻസറി മെയ് 18 ന് നീറ്റിലിറങ്ങും. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിഫീഡർ എന്ന രാജ്യാന്തര ലോജിസ്റ്റിക്സ് കമ്പനിയുടെ സാമൂഹിക ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായാണ് മറൈൻ ആംബുലൻസ് കടമക്കുടി പഞ്ചായത്തിനു ലഭിക്കുന്നത്. കടമക്കുടിയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി.രാജീവ് ഹരിത ബോട്ട് ആംബുലൻസ് ഫ്ളാഗ് ഓഫ് ചെയ്യും.കടമക്കുടി പഞ്ചായത്തിലെ 13 കൊച്ചു ദ്വീപുകളിലുമായി ആറു ദിവസവും ഇതിന്റെ സേവനം ലഭ്യമാകുമെന്ന് കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.'ഹോപ്പ് ഓൺ ആംബുലൻസ് ബോട്ട് നിലവിൽ ഒരു മറൈൻ മെഡിക്കൽ യൂണിറ്റാണ്. ഒ.പി. കസൾട്ടേഷനും അടിയന്തര സേവനങ്ങൾക്കുമായി ആവശ്യമായ മുഴുവൻ മെഡിക്കൽ ഉപകരണങ്ങളും അടങ്ങിയതാണ് ആംബുലൻസ് ഡിസ്പെൻസറി വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വീടുകളിലായിരിക്കും സേവനം നൽകുക.

നിലവിൽ പ്രതിമാസം 2400ൽ അധികം രോഗികൾ ഈ ദ്വീപുകളിൽ നിന്നു ചികിൽസ തേടി പുറത്തുപോകുന്നതായാണ് കണക്കുകൾ. ഇവർക്ക് സമിപത്തുള്ള ആശുപത്രികളിൽ എത്താനുള്ള റോഡ് സൗകര്യം ഇല്ലാത്തതിനാൽ മറൈൻ ആംബുലൻസ് ദ്വീപുകളിൽ നിർദ്ദിഷ്ട ഷെഡ്യൂളിൽ സന്ദർശനം നടത്തുന്നത് അവർക്ക് വലിയ ആശ്വാസമാകും. മുതിർന്ന പൗരന്മാർക്കും വയോധികർക്കുമായിരിക്കും. ഇതിന്റെ പ്രയോജനം കൂടുതൽ കിട്ടുക.

കടമക്കുടി ഗ്രാമപഞ്ചായത്തിന് ആകെ 12.92 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുണ്ട്. 7900 പുരുഷന്മാരും 8557വനിതകളും ഉൾപ്പടെ ആകെയുള 16457 പേരിൽ 1977 പേർ 60 വയസിനുമുകളിലുള്ളവരും 146 പേർ മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്നവരുമാണ്. 13 വാർഡുകളുള്ള ഈ പഞ്ചായത്തിലെ ഭൂവിഭാഗം മൊത്തം വിസ്തീർണത്തിൽ 15.84% മാത്രം. ശേഷിക്കുന്ന ഭാഗം പൊക്കാളി നെൽവയലുകളും തോടുകളും നദികളും ഉൾപ്പെടുന്നതാണ്. പിഴല, മൂലമ്പിള്ളി, കോതാട്. ചേന്നൂർ, കരിക്കാംതുരുത്ത്. കണ്ടനാട്, പാലിയംത്തുരുത്ത്, പുതുശ്ശേരി, ചരിയംതുരുത്ത്, വലിയ കടമക്കുടി. ചെറിയ കടമക്കുടി, മുറിക്കൽ, കോരാമ്പാടം എന്നിവടങ്ങളിൽ ഒരു പാലവും ഇല്ലാതെ ബോട്ടുകൾ. ചെറുതോണികൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ പൊതു ബോട്ടു സർവീസും ഫെറി സർവീസുമുണ്ട്. പക്ഷേ ഭൂരിഭാഗം ജനങ്ങൾക്കും സ്വകാര്യ ബോട്ടുകളും ചെറുതോണികളുമാണ് ചികിൽസാഘട്ടങ്ങളിൽ ആശ്രയം. ഇത് സ്ഥിരം ചികിത്സയും അടിയന്തരസഹായവും ലഭിക്കാൻ വലിയ വെല്ലുവിളിയാണ്.

എല്ലാ ദ്വീപുകളും ആഴ്ചയിൽ ഒരിക്കൽ മെഡിക്കൽ സ്റ്റാഫ് സന്ദർശിച്ച് അവർ രോഗികളെ പരിശോധിച്ച് മരുന്നും മറ്റു ചികിൽസയും ലഭ്യമാക്കും. ആഴ്ചയിൽ ആറു ദിവസം രാവിലെ ഒമ്പതുമുതൽ വൈകിട്ട് നാലുവരെയായി ഡോക്ടർ,നഴ്സ്, ഫാർമസിസ്റ്റ്, അറ്റൻഡർ എന്നിവരടങ്ങിയ സംഘമുണ്ടാകും.പിഴല പ്രാഥമികാരോഗ്യ കേന്ദ്രം പരിധിയിൽ ദേശീയാരോഗ്യ ദൗത്യത്തിന്റെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന ബോട്ട് പ്രധാന ദ്വീപുകളായ മൂലമ്പിള്ളി, വലിയ കടമക്കുടി, ചെറിയ കടമക്കുടി, മുറിക്കൽ, പാലിയം തുരുത്ത്, ചേന്നൂർ, കോതാട്, കോരാമ്പാടം, കണ്ടനാട്, കരിക്കാംതുരുത്ത് എന്നിവടങ്ങളിലാണ് സേവനം നൽകുക. പുതിയ ബോട്ടിനൊപ്പം ഈ പദ്ധതി ദ്വീപ് നിവാസികളായ പൊക്കാളി കർഷകർ, മൽസ്യതാഴിലാളികൾ, തൊഴിലുറപ്പു തൊഴിലാളികൾ, തൊഴിൽ രഹിതർ. മഴക്കാലത്ത് (ജൂൺ, ജൂലൈ) കാലാവസ്ഥ വകുപ്പിന്റെ റെഡ് അലർട്ട് ഉള്ള സമയങ്ങൾ ഒഴികെ ബോട്ട് പ്രവർത്തനക്ഷമമായിരിക്കും. അടിയന്തര സേവനങ്ങൾക്കും ബോട്ടിന്റെ ഷെഡ്യൂൾ അറിയുന്നതിനും ഒരു ഹെൽപ് ലൈൻ നമ്പർ തുടങ്ങും. ഇന്ധനചാർജ്ജ് ബോട്ട് പരിപാലന ചെലവുകൾ എന്നിവ പഞ്ചായത്ത് വഹിക്കും ഡോക്ടറുടെയും മറ്റു മെഡിക്കൽ സ്റ്റാഫ് അംഗങ്ങളുടെയും വേതനം എൻ.എച്ച്.എം. വഹിക്കും.

ബോട്ട് ആദ്യ രണ്ട് വർഷം പ്ലാനറ്റ് എർത് എന്ന സർക്കാരിതര സംഘടനയുടെ പേരിൽ രജിസ്ട്രർ ചെയ്യും. ഈ കാലയളവിൽ പഞ്ചായത്തും എൻ.എച്ച്.എമ്മും നടത്തുന്ന പ്രവർത്തനത്തിന് പ്ലാനറ്റ് എർത്ത് മേൽനോട്ടം വഹിക്കുന്നതിനൊപ്പം പ്രതിമാസ റിപ്പോർട്ടുകളും നൽകും. രണ്ടു വർഷം കഴിഞ്ഞ് ബോട്ടിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് കൈമാറുമെന്നും കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ പറഞ്ഞു.യൂണി ഫീഡർ അസി. ജനറൽ മാനേജർ കൃഷ്ണകുമാർ, യൂണിഫീഡർ മുംബൈ ഓപ്പറേഷൻസ് ജനറൽ മാനേജർ അശോക് രജ്ബർ, യൂണി ഫീഡർ കൊച്ചി സീനിയർ മാനേജർ ഡെനിസെ ബാൻ, പ്ലാനറ്റ് എർത്ത് സെക്രട്ടറി സൂരജ് എബ്രഹാം എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഫ്യൂച്ചർ ജനറലി ഹെൽത്ത് അൺലിമിറ്റഡ് പുറത്തിറക്കി

**കൊച്ചി:** പ്രമുഖ ഇൻഷൂറൻസ് കമ്പനിയായ ഫ്യൂച്ചർ ജനറലി ഇന്ത്യ 'ഹെൽത്ത് അൺലിമിറ്റഡ്'എന്ന പേരിൽ സമഗ്രമായ ഇൻഷൂറൻസ് പരിരക്ഷ നൽകുന്ന ആരോഗ്യ ഇൻഷൂറൻസ് സ്കീം ആരംഭിച്ചു. 'ഹെൽത്ത് അൺലിമിറ്റഡ്' സ്കീമിന് കീഴിൽ ഉപഭോക്താവിന് ആജീവനാന്ത ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുമെന്ന് കമ്പനി അറിയിച്ചു. രാജ്യത്ത് ഇൻഷൂറൻസ് പരിരക്ഷയുള്ള 25 വയസിൽ കൂടുതൽ പ്രായമുള്ള 800 പേരിൽ നടത്തിയ സർവെ അടിസ്ഥാനമാക്കിയാണ് ഫ്യൂച്ചർ ജനറലി പുതിയ ഇൻഷൂറൻസ് സ്കീം അവതരിപ്പിച്ചത്.

ഹെൽത്ത് അൺലിമിറ്റഡ് സ്കീമിന് കീഴിൽ ഉയർന്ന മെഡിക്കൽ ചെലവുകൾക്ക് പരിരക്ഷ ലഭിക്കും. പരമ്പരാഗത ഇന്ത്യൻ ചികിത്സാരീതികൾക്ക് പുറമേ ആയുഷ് ചികിത്സാരീതികളായ ആയുർവേദം, യോഗ, യുനാനി സിദ്ധവൈദ്യം, ഹോമിയോപ്പതി തുടങ്ങിയവയ്ക്കും ഇൻഷൂറൻസ് സ്കീമിന് കീഴിൽ പരിരക്ഷ ലഭിക്കുമെന്ന് കമ്പനി വ്യക്തമാക്കി.

ഇൻഷൂർ ചെയ്ത തുക പരിഗണിക്കാതെ ക്ലെയിമിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്ന അൺലിമിറ്റഡ് പരിരക്ഷ, വർധിച്ചുവരുന്ന ചികിത്സാ ചെലവുകളെ പ്രതിരോധിക്കാൻ വർഷം തോറും ഇൻഷൂർ ചെയ്ത തുകയിൽ വരുത്തുന്ന വർധന, പ്രീമിയം പേബാക്ക്, രണ്ടാമത്തെ ക്ലെയിം മുതൽ ഇൻഷൂർ ചെയ്ത അടിസ്ഥാന തുകയിൽ വരുത്തുന്ന അൺലിമിറ്റഡ് റീഫില്ലിംഗ് എന്നിവ കൂടാതെ വെൽനെസ് ഡിസ്കൗണ്ട്, ക്യുമിലേറ്റീവ് ബോണസ് തുടങ്ങിയ അധിക സേവനങ്ങളും സ്കീമീന് കീഴിൽ ലഭിക്കും.ജനങ്ങളിൽ ഭൂരിഭാഗത്തിനും ആരോഗ്യ പരിരക്ഷയുണ്ടെങ്കിലും വർധിച്ചുവരുന്ന ചികിത്സാ ചെലവുകൾ ആശങ്ക സൃഷ്ടിക്കുന്നതായി ഫ്യൂച്ചർ ജനറലി ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അനുപ് റൗ പറഞ്ഞു, ഇത്തരം ആശങ്കകൾക്ക് പരിഹാരം സൃഷ്ടിക്കുന്നതിനും ശരിയായ ഇൻഷൂറൻസ് സ്കീം കണ്ടെത്താൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനുമാണ് ഹെൽത്ത് അൺലിമിറ്റഡ് സ്കീം പുറത്തിറക്കിയതെന്ന് അദ്ദേഹം പറഞ്ഞു.




# ഇൻഫോസിസ് ഫൗണ്ടേഷൻ ആരോഹൺ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഇൻഫോസിസിന്റെ സിഎസ്ആർ വിഭാഗമായ ഇൻഫോസിസ് ഫൗണ്ടേഷൻ, ആരോഹൺ സോഷ്യൽ ഇന്നൊവേഷൻ അവാർഡുകളുടെ നാലാം പതിപ്പിന് അപേക്ഷകൾ ക്ഷണിച്ചു. ഇന്ത്യയിലുടനീളമുള്ള പിന്നോക്ക സമൂഹങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിവുള്ളതും, വികസന സാധ്യതയുള്ളതുമായ സാങ്കേതികവിദ്യ സാദ്ധ്യതകൾ വികസിപ്പിക്കുന്ന വ്യക്തികൾ, സംഘങ്ങൾ, എൻജിഒകൾ, സാമൂഹിക സംരംഭങ്ങൾ എന്നിവയെ കണ്ടെത്തുകയാണ് ഈ വർഷത്തെ ആരോഹൺ സോഷ്യൽ ഇന്നൊവേഷൻ അവാർഡുകളുടെ ലക്ഷ്യം. ഓരോ പുരസ്കാര ജേതാവിനും 50 ലക്ഷം രൂപ വരെയായി ആകെ 2 കോടി രൂപയുടെ അവാർഡുകളാണ് ലഭിക്കുക.വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പരിസ്ഥിതി സുസ്ഥിരത എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ജൂൺ 15 വരെ അപേക്ഷകൾ സമർപ്പിക്കാം. 18 വയസ്സോ അതിൽ കൂടുതലോ ഉള്ള, രാജ്യത്ത് താമസിക്കുന്ന എല്ലാ ഇന്ത്യൻ പൗരന്മാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കാനും കൂടുതൽ വിവരങ്ങൾക്കായും https://www.infsoys.org/infsoysfoundation/aarohansocialinnovationawards.html സന്ദർശിക്കുക.